'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നൂതന പദ്ധതിയായ (പ്രോ. നം. 362/18) വടകര, കുറ്റ്യാടി, കടത്തനാട്, പേരാമ്പ്ര, കോഴിക്കോട് എന്നിവിടങ്ങളിലെ നാളികേര ഉൽപാദക കമ്പനികൾ മുഖേന തെങ്ങിൻ തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള പ്രോജക്റ്റിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1413/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/07/2019**

---

പരാമർശം:- 1 കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15/11/2018ലെ കത്തും, (CC/511/18-SRG 1069/18) CC -യുടെ 31/12/2018-ലെ 4.15 നമ്പർ തീരുമാനവും.

2 കൃഷി വകുപ്പ് ഡയറക്ടറുടെ 29/03/2019ലെ TH(2)7610/19 നമ്പർ കത്ത്.

3 20/06/2019ലെ 4.1 നമ്പർ കോർഡിനേഷൻ കമ്മിറ്റി തീരുമാനം.

**ഉത്തരവ്**

കേരളത്തിൽ നാളികേര വികസന ബോര്ഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ് വടകര, കുറ്റ്യാടി, കടത്തനാട്, പേരാമ്പ്ര, കോഴിക്കോട് എന്നിവിടങ്ങളിലെ നാളികേര ഉൽപാദക കമ്പനികൾ എന്നും ഈ കമ്പനികൾ ഓരോന്നിലും 10000 മുതൽ 40000 വരെ നാളികേര കർഷകർ അംഗങ്ങളാണെന്നും നാളികേരത്തിൽ നിന്നും പല മൂല്യവർധിധ ഉത്പന്നങ്ങളും ഉത്പാദിപ്പിച്ച് മാർക്കറ്റ് ചെയ്യുന്നതിനോടൊപ്പം ഗുണമേന്മയുള്ള തെങ്ങിൻ തൈകളും ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നുണ്ടെന്നും ആയതിനാൽ നല്ലയിനം തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നതിന് നാളികേര ഉത്പാദന കമ്പനികൾക്കു ഗ്രാന്റ് നൽകുന്ന പ്രോജക്റ്റിന് (പ്രോ. നം. 362/18) അനുമതി നൽകണമെന്ന കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആവശ്യം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം ഒന്ന് പ്രകാരം സമർപ്പിക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം 31/12/2018 . 20/06/2019 എന്നി തീയതികളിൽ ചേർന്ന കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും ,കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം 3 തീരുമാന പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ താഴെപ്പറയുന്ന

നിർദ്ദേശം പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മാതൃവൃക്ഷത്തിന്റെ തെരഞ്ഞെടുക്കൽ, ശാസ്ത്രീയ വിത്തുകളുടെ സംഭരണം, ശാസ്ത്രീയ നഴ്സറി പരിപാലനം എന്നീ മൂന്നു ഘട്ടങ്ങളിലെ ഗുണമേന്മ പരിശോധന, മാനദണ്ഡങ്ങൾ പാലിച്ച് തൈകളുടെ തെരഞ്ഞെടുക്കൽ ,എന്നീ പ്രക്രിയകൾ സർക്കാർ പ്രസിദ്ധീകരിച്ച തെങ്ങിൻ തൈ ഉൽപാദനത്തിനുള്ള നഴ്സറി മാനുവൽ പാലിച്ചായിരിക്കണം.

2. വിതരണം ചെയ്യുന്ന തൈകൾ അനുയോജ്യമാണെന്ന് സാങ്കേതിക ഉദ്യോഗസ്ഥനോ നാളികേര വികസന ബോർഡോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം.

3. പ്രോജക്ടിന്റെ നടത്തിപ്പ് .ജില്ലാ കൃഷി ഓഫീസറുടേയോ ഡെപ്യൂട്ടി ഡയറക്ടറുടേയോ മേൽ നോട്ടത്തിലായിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

ജില്ലാപഞ്ചായത്ത് സെക്രട്ടറി, കോഴിക്കോട്

ജില്ലാ കൃഷി ഓഫീസർ, കോഴിക്കോട്,

ഡെപ്യൂട്ടി ഡയറക്ടർ, കൃഷി വകുപ്പ്, കോഴിക്കോട്

ജില്ലാകളക്ടർ,കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ